
# പടവുകൾ


## അക്കാദമിക മാസ്റ്റർ പ്ലാൻ

**2025 -2026**




## ഫാത്തിമ മാതാ എൽ പി സ്കൂൾ

**തേക്കുംകുറ്റി**



# പടവുകൾ

FATHIMA MATHA L.P.SCHOOL

THEKKUMKUTTY

# അക്കാദമിക മാസ്റ്റർ പ്ലാൻ

**ഫാത്തിമ മാതാ എൽ. പി. സ്കൂൾ**

**തേക്കുംകുറ്റി**

**2025 - 2026**

| | |
|---|---|
| ഉപജില്ല | : മുക്കം |
| വിദ്യാഭ്യാസ ജില്ല | : താമരശ്ശേരി |
| ജില്ല | : കോഴിക്കോട് |

# ഉള്ളടക്കം

ആമുഖം 1

വിദ്യാലയ ദർശനം 3

കാഴ്ചപ്പാട് 4

പൊതുലക്ഷ്യങ്ങൾ 8

## അക്കാദമിക മേഖലകൾ

മലയാളം 10

ഗണിതം 16

പരിസരപഠനം 19

ഇംഗ്ലീഷ് 22

അറബി 30

പ്രവൃത്തി പരിചയം 38

കലാപഠനം 40

വായനച്ചങ്ങാത്തം (തനതുപ്രവർത്തനം) 42

# ആമുഖം

കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ ശാന്തസുന്ദരമായ മണ്ണിലാണ് തേക്കുംകുറ്റിയുടെ അക്ഷരഭൂമികയായ ഫാത്തിമമാതാ സ്കൂൾ സ്ഥിതി ചെയ്യുന്നത്. 1982 ജൂൺ 1 ന് ഹരിശ്രീ കുറിച്ച ഈ വിദ്യാക്ഷേത്രം വൈജ്ഞാനിക മേഖലയിൽ പിന്നോക്കം നിന്നിരുന്ന ഗ്രാമീണജനതയ്ക്ക് അറിവിന്റെ വെള്ളിവെളിച്ചമായി ഈ പ്രദേശത്തിന്റെ കലാകായിക-വിദ്യാഭ്യാസ രംഗത്തെ പരിപോഷിപ്പിച്ചുകൊണ്ട് വിജയശ്രീലാളിതയായി നിലകൊള്ളുന്നു.

ദീർഘവീക്ഷണവും സ്നേഹസമ്പന്നവുമായ മാനേജ്മെന്റിന്റെ കീഴിൽ മികവുറ്റ ഹെഡ്മാസ്റ്റർമാരുടെയും കഴിവുറ്റ സഹാധ്യാപകരുടെയും ശക്തരായ P.TA, M.P.T.A, സ്കൂളിന്റെ സർവ്വതോന്മുഖമായ അഭ്യുന്നതിക്കുവേണ്ടി അക്ഷീണം പ്രയത്നിക്കുന്ന ഗുണകാംക്ഷികൾ എന്നിവരുടെയെല്ലാം കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായി ഔന്നത്യത്തിന്റെ പടവുകൾ പടിപടിയായി കയറാൻ ഈ വിദ്യാലയത്തിനു കഴിഞ്ഞു എന്നത് ഏറെ അഭിമാനകരമാണ്.

വിദ്യാസമ്പന്നരും സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക രംഗങ്ങളിൽ മികവുറ്റ പ്രവർത്തന ശേഷിയുമുള്ള ഒരു പുത്തൻ തലമുറയെ വാർത്തെടുക്കുന്ന അറിവിന്റെ ആകാശത്തേക്കുള്ള ഒരു ശക്തിസ്രോതസ്സായി ഈ വിദ്യാലയം തലയുയർത്തി നിൽക്കുകയാണ്. താമരശ്ശേരി കോർപ്പറേറ്റിലെ ഏറ്റവും നല്ല പ്രൈമറി സ്കൂളായി രണ്ടുതവണ തെരഞ്ഞെടുക്കപ്പെട്ട ഈ സ്ഥാപനം അവാർഡു തിളക്കത്തിൽ ശോഭിച്ചുനിൽക്കുന്നു. കൂടാതെ കലാ-കായിക -ശാസ്ത്ര മേളകളിൽ നിരവധി പ്രാവശ്യം ഓവറോൾ കിരീടമണിയാനും ആ മേഖലകളിൽ ഒട്ടേറെ പ്രതിഭകളെ വാർത്തെടുക്കാനും കഴിഞ്ഞു എന്നതും ഈ വിദ്യാലയത്തിന്റെ പ്രശംസനീയ നേട്ടങ്ങളാണ്.

ഇങ്ങനെയൊക്കെയാണെങ്കിലും ഒട്ടേറെ പരിമിതികളുടെ നടുവിലാണ് ഈ സ്ഥാപനമെന്നത് ഏറെ ദുഖകരമാണ്. മാനേജ്മെന്റ്, പഞ്ചായത്ത്, അധ്യാപക രക്ഷാകർതൃസമിതി എന്നിവരുടെ സന്ദർഭോചിതമായ സഹായസഹകരണങ്ങൾകൊണ്ട് സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ കുറെയൊക്കെ മെച്ചപ്പെട്ടിട്ടുണ്ട്. ഡിജിറ്റൽ ക്ലാസ് മുറികൾ, ആകർഷകമായ സ്കൂൾ അങ്കണം, വിശാലമായ സ്കൂൾ പാർക്ക് എന്നിവ ഏറെ ആകർഷണീയമാണ്.

# വിദ്യാലയ ദർശനം

## " വിജ്ഞാനത്തിലൂടെ വികസനത്തിലേക്ക് "

**<u>ദൗത്യം</u>**

1. ശിശു സൗഹൃദ സമീപനത്തിലൂന്നിയ ഗുണമേന്മയുള്ള വിദ്യാലയാന്തരീക്ഷം സജ്ജമാക്കൽ.

2. അടിസ്ഥാനഭാഷ- ഗണിത ശേഷികൾ ഉറപ്പിക്കാനുതകുന്ന പ്രക്രിയാ സംവിധാനം ചിട്ടപ്പെടുത്തൽ.

3. ഉയർന്ന മാനവിക കാഴ്ചപ്പാടും, പ്രകൃതിസ്നേഹവും നിറഞ്ഞ മൂല്യാധിഷ്ഠിത മനോഭാവങ്ങൾ രൂപീകരിക്കൽ.

4. സവിശേഷ കഴിവുകളെ പരമാവധി പ്രോത്സാഹിപ്പിക്കുക. ഭിന്ന പരിമിതികളെ മറികടന്ന് മുന്നേറാൻ പ്രാപ്തരാക്കുക.

# കാഴ്ചപ്പാട്

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പശ്ചാത്തലത്തിൽ വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുക. വിദ്യാലയ ഗുണമേന്മ അന്തർദേശീയ നിലവാരത്തിലെത്തിക്കുക എന്നീ ആശയങ്ങളെ അടിസ്ഥാനമാക്കി അക്കാദമിക പ്രവർത്തനങ്ങൾ പരമാവധി ഫലപ്രദമായി ആവിഷ്കരിച്ചുകൊണ്ട് പ്രവർത്തന സജ്ജമാക്കുകയാണ്. രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും പങ്കാളിത്തത്തോടെ തയ്യാറാക്കിയിരിക്കുന്ന ഈ പദ്ധതി പരമാവധി ഗുണാത്മകമായ ഏറെ ഫലങ്ങളുളവാക്കുമെന്നു ഉറപ്പുതരുന്നു. സമഗ്രവിദ്യാലയ വികസന പരിപാടിയിലൂടെ ഉയർന്ന സാമൂഹികാവബോധം ഉടലെടുക്കാനും പഠിതാവിന്റെ പരമാവധി കഴിവുകളെ അതിന്റെ പാരമ്യത്തിലെത്തിക്കാനും പദ്ധതി വിഭാവനം ചെയ്യുന്നു.

വിദ്യാലയത്തിലെ ഓരോ കുട്ടിയുടേയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവങ്ങളും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും നിരന്തര മൂല്യനിർണ്ണയത്തിന്റെയും വിലയിരുത്തലിന്റേയും സാധ്യത പ്രയോജനപ്പെടുത്തി പഠന പ്രവർത്തനങ്ങളെ വികസിപ്പിക്കുന്നതിനും ഊന്നൽ നൽകുന്നു.

വിദ്യാലയത്തിലെ ഓരോ കുട്ടിയുടേയും കഴിവുകൾ ബഹുമുഖങ്ങളാണ്. അവ കണ്ടെത്തി അവയെ പ്രോത്സാഹിപ്പിക്കുക

എന്നതാണ് ലക്ഷ്യം. കലയിലും -കായികാഭ്യാസനരംഗങ്ങളിലും- സാംസ്കാരിക മേഖലയിലും ഇവരെപ്രോത്സാഹിപ്പിക്കുകയും പ്രചോദനം നൽകുകയും ചെയ്യുക വഴി സമസ്തമേഖലയിലുമുള്ള പ്രതിഭകളെ കണ്ടെത്താനും വാർത്തെടുക്കാനും നമുക്ക് കഴിയും. ഈ തിരിച്ചറിവിൽ അത്തരത്തിലുള്ള സമഗ്രമായ സമീപനം സ്വീകരിച്ചിരിക്കുകയാണ് ഇന്ന് നമ്മുടെ വിദ്യാലയം. ഒരു വിദ്യാർത്ഥി പ്രശസ്തിയിലേക്കുയരുമ്പോൾ ആ വിദ്യാലയമാണ് പ്രസിദ്ധമാവുക . വിദ്യാലയത്തിലെഓരോ കുട്ടിയും നൈപുണികളാകുമ്പോൾ വിദ്യാലയം മികവിന്റെ കേന്ദ്രമായി മാറുകയും ഒരു നാടിന്റെ തന്നെ വികസനോപാധിയായിത്തീരുകയുംചെയ്യും. അതിനാൽ നമ്മുടെ കുട്ടികൾ നന്മയുള്ള ഒരു നാടിന്റെ ശക്തരായ സാരഥികളാക്കാനും നന്മയുടെ നേർക്ക് നിൽക്കാനും ബോധ്യമുള്ളവരാകേണ്ടതിന് അവരിലെ കഴിവുകൾ ഏതേതെന്ന് കണ്ടുപിടിച്ച് ആ കാഴ്ചപ്പാടിലേയ്ക്ക് അവരെ നയിക്കാൻ നമുക്കുണരാം. അതിലേക്കുള്ള ഒരു ചൂണ്ടുപലകയായിട്ടാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

അധ്യയന വർഷത്തിൽ തേക്കുംകുറ്റി ഫാത്തിമ മാതാ എൽ.പി സ്കൂളിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക നിലവാരം ഉയർത്തുക, പ്രതീക്ഷിത പഠനനേട്ടങ്ങൾ എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തുക എന്നിവയിലൂടെ എല്ലാവരെയും ഉൾക്കൊള്ളുന്നതും, തുല്യതയും ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുക എന്ന ദൗത്യം പൂർത്തീകരിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ കർമ്മ പദ്ധതികൾ ഉൾപ്പെടുത്തിയ അക്കാദമിക മാസ്റ്റർ പ്ലാനാണിത്.

കോവിഡ് കാലത്തെ അടച്ചു പൂട്ടലിൽ നമ്മുടെ കുട്ടികൾ വീടുകളിൽ ഒറ്റപ്പെടുകയും അവർക്ക് സമപ്രായക്കാരുമായി കൂട്ടു കൂടി കളിക്കുന്നതിനോ, സംഘപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനോ കഴിഞ്ഞിട്ടില്ല. ഈയൊരവസ്ഥ അവരുടെ പല വികാസമേഖലകളെയും സാരമായി ബാധിച്ചിട്ടുണ്ട്. ഭാഷാ വികാസം, വൈകാരിക ശാരീരിക ചാലക വികാസം,സർഗാത്മകം, വൈജ്ഞാനികം, സാമൂഹികം എന്നിങ്ങനെ വിവിധ മേഖലകളിൽ കുട്ടികളുടെ നിലവിലുള്ള അവസ്ഥ പരിഗണിച്ചാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

കുട്ടികളിൽ ഉണ്ടായിട്ടുള്ള പഠനവിടവുകൾ കണ്ടെത്തി അവയ്ക്ക് പരിഹാരം നിർദ്ദേശിച്ച് പഠനപ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യമാക്കുക, അറിവ് നിർമ്മിക്കുക, വിലയിരുത്തൽ പ്രക്രിയ കാര്യക്ഷമമാക്കുക തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾക്കൊള്ളുന്നു.

## 2025– 26 അധ്യയന വർഷത്തെ കുട്ടികളുടെ എണ്ണം

| ക്ലാസ് | ആൺ | പെൺ | ആകെ |
|---|---|---|---|
| 1 | 19 | 18 | 37 |
| 2 | 14 | 18 | 32 |
| 3 | 15 | 21 | 36 |
| 4 | 17 | 15 | 32 |
| ആകെ | 65 | 72 | 137 |

ആകെ അധ്യാപകർ : 9

# പൊതുലക്ഷ്യങ്ങൾ

1. വിദ്യാലയത്തിലെ മുഴുവൻ കുട്ടികളും അവരുടെ നിലവാരത്തിനു യോജിച്ചവിധം മാതൃ ഭാഷാശേഷികൾ സ്വായത്തമാക്കുന്നതിനും, പിന്നോക്കം നിൽക്കുന്ന കുട്ടികൾ തെറ്റുകൂടാതെ വായിക്കാനും ആശയങ്ങൾ എഴുതി പ്രകടിപ്പിക്കാനും പ്രാപ്തരാക്കുക.

2. 4 വർഷം കൊണ്ട് ഇംഗ്ലീഷ് ഭാഷ ആയാസരഹിതമായി വായിക്കാനും സംസാരിക്കാനും തെറ്റുകൂടാതെ എഴുതി പ്രകടിപ്പിക്കാനും ഉതകുന്ന ആകർഷകമായ ഒട്ടേറെ പ്രവർത്തനങ്ങളിലൂടെ എല്ലാകുട്ടികളെയും മികവുറ്റവരാക്കുക.

3. ഗണിത പഠനത്തിലൂടെ കുട്ടികളുടെ ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കൃത്യത, വേഗത, സൂക്ഷ്മത, ഗവേഷണതപരത, സർഗാത്മകചിന്ത, എന്നിവ പരിപോഷിപ്പിച്ച് ഗണിതാസ്വാദനശൈലി വളർത്തിയെടുക്കുക.

4. താൻ അധിവസിക്കുന്ന പ്രകൃതിയെയും പ്രകൃതിയിലെ പ്രതിഭാസങ്ങളെയും ശാസ്ത്രീയ വീക്ഷണത്തിലൂടെ അടുത്തറിയാനുള്ള കൗതുകം, ജിജ്ഞാസ നിരീക്ഷണപാടവം, ശാസ്ത്രീയാഭിരുചി എന്നിവ വികസിപ്പിച്ച് എല്ലാ കുട്ടികളെയും പ്രകൃതി സ്നേഹികളാക്കി മാറ്റുക.

5. കുട്ടികളിൽ അന്തർലീനമായി കിടക്കുന്ന പ്രത്യേക കലാനൈപുണ്യങ്ങളെകണ്ടെത്താനും അവയെ പരമാവധി വളർത്തിയെടുത്ത് പ്രയോജനപ്പെടുത്താനുമുള്ള പ്രത്യേക പരിശീലന പരിപാടികൾ സജ്ജമാക്കുക.

6. ഭിന്നശേഷിക്കാരായ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പ്രത്യേക പരിശീലന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

7. ശരിയായ മനോഭാവങ്ങളും മൂല്യങ്ങളും രൂപപ്പെടുത്തി, പഠനാനുഭവങ്ങളിലൂടെ ജീവിതയാഥാർത്ഥ്യങ്ങളെ തിരിച്ചറിഞ്ഞ് ഭാവാത്മക കാഴ്ചപ്പാടിൽ അടിയുറച്ച് സഹജീവികളെ സഹായിക്കാനും സംരക്ഷിക്കാനുമുള്ള ശക്തി പകരുന്ന വ്യക്തിത്വ വികസന പരിപാടികളിലൂടെ കുട്ടികളെ നയിക്കുക.

8. കുട്ടികളിലെ കായികാഭിരുചി കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും ഉതകുന്ന പ്രത്യേക പരിശീലന കളികൾ സമയബന്ധിതമായി ക്രമപ്പെടുത്തുക.

# അക്കാദമിക മേഖല : മലയാളം

ഒരു വിദ്യാർത്ഥിയുടെ ജീവിതത്തെ ഏറ്റവും അധികം സ്വാധീനിക്കുന്നത് മാതൃഭാഷയാണ്. ആശയങ്ങളെ യഥാർത്ഥമായി പ്രകടിപ്പിക്കാൻ ശരിയായ ഭാഷാശേഷികൾ നേടിയിരിക്കണം. ഭാഷണം, വായന,ലേഖനം, എന്നിവയിലൂടെ കൈവരിക്കേണ്ട അടിസ്ഥാനശേഷികൾ വിദ്യാലയത്തിലെ ഓരോ കുട്ടിയും നേടേണ്ടതുണ്ട്. അവരെ മികച്ച വായനക്കാരും എഴുത്തുകാരുമാക്കി മാറ്റുക, സാഹിത്യാഭിരുചികളെ പരമാവധി പുറത്തുകൊണ്ടുവരാൻ കഴിവുറ്റവരാക്കുക എന്നീ ലക്ഷ്യങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് മാതൃഭാഷാ പഠനത്തിന് കൂടുതൽ പ്രാധാന്യംനൽകിയിരിക്കുന്നു.

അക്ഷരതെറ്റുകൾ, ഉച്ചാരണ പിശകുകൾ, വ്യവഹാരരൂപങ്ങൾ ഉപയോഗിക്കുന്നതിലുള്ള പോരായ്മകൾ, ഭാഷാ പ്രയോഗത്തിലെ പിശകുകൾ തുടങ്ങിയ നിരവധി പ്രശ്നങ്ങൾ കുട്ടികൾക്കിടയിലുണ്ട്. ഇവ പരിഹരിക്കുന്നതിനുവേണ്ടിതയ്യാറാക്കിയ പ്രവർത്തനങ്ങളാണ് ഇവിടെ ചേർത്തിരിക്കുന്നത്.

## ലക്ഷ്യം

എല്ലാകുട്ടികൾക്കും സ്വന്തം ഭാഷയിൽ ആശയങ്ങൾ പറഞ്ഞും എഴുതിയും പ്രകടിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന് പര്യാപ്തമാക്കുക.

വായന എഴുത്ത് എന്നീ അടിസ്ഥാന ശേഷികൾ മുഴുവൻ കുട്ടികൾ ആർജ്ജിക്കുന്നതിന്. ആത്മവിശ്വാസത്തോടെ പൊതുസദസ്സുകളെ അഭിമുഖീകരിക്കുന്നതിനുള്ള കഴിവ് വർധിപ്പിക്കുക

ആശയങ്ങൾ അറിവുകൾ, മുന്നറിവുകൾ എന്നിവയുടെ വെളിച്ചത്തിൽ സർഗ്ഗാത്മക രചകളിൽ ഏർപ്പെടുന്നതിന് കഴിവുള്ളവരാക്കുക.

## ഉൾച്ചേരുന്ന പ്രവർത്തനങ്ങൾ

**ലക്ഷ്യം - എല്ലാ കുട്ടികളേയും മികച്ച വായനക്കാരാക്കുക.**

**പ്രവർത്തനങ്ങൾ (JUNE TO MARCH)**

- ക്ലാസ് വായനക്കൂട്ടം
- വായനാമൂല തയ്യാറാക്കൽ
- വായനാകാർഡുകൾ(ഭിന്നനിലവാരക്കാർക്കുള്ളത് സജ്ജീകരിക്കൽ)
- ക്ലാസ് ലൈബ്രറി ക്രമീകരണം
- പാഠപുസ്തക വായന

- അടിക്കുറിപ്പ്
- വരികൾ കൂട്ടിച്ചേർക്കൽ
- സംഭാഷണം
- പോസ്റ്റർ
- ചിത്രത്തെ കഥയാക്കൽ
- എഴുത്തിനോടൊപ്പം വായന
- അക്ഷരച്ചിത്രങ്ങൾ
- വരയ്ക്കാം എഴുതാം
- കഥാപൂരണം
- വായനാക്കുറിപ്പ്
- ജീവചരിത്രക്കുറിപ്പ്
- ഡയറി
- ആത്മകഥ
- സ്കൂൾ വാർത്ത തയ്യാറാക്കൽ

**ലക്ഷ്യം**

ആത്മവിശ്വാസത്തോടെ പൊതു സദസ്സുകളെ അഭിമുഖീകരിക്കുന്നതിനുള്ള കഴിവ് വർധിപ്പിക്കുക. (ജൂൺ - മാർച്ച്)

**പ്രവർത്തനങ്ങൾ**

- ദിനാചരണങ്ങളിലെ പ്രസംഗ മത്സരം
- അസംബ്ലിയിൽ കഥ അവതരണം
- പത്രവാർത്ത അവതരണം
- ക്ലാസ് അസംബ്ലിയിലെ അവതരണം

**ലക്ഷ്യം**

ആശയങ്ങൾ, അറിവുകൾ, മുന്നറിവുകൾ എന്നിവയുടെ വെളിച്ചത്തിൽ സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിന് കഴിവുള്ളവരാക്കുക.

**പ്രവർത്തനങ്ങൾ (ജൂൺ - മാർച്ച്)**

പാഠഭാഗം ചിത്രീകരിക്കൽ

കഥയിലെ ആശയം ചിത്രമാക്കൽ

മഹാൻമാരെവരയ്ക്കൽ

കവിതയിലെ വരികൾ ചിത്രമാക്കൽ

പാഠഭാഗവുമായി ബന്ധപ്പെട്ട കഥ/കവിത രചന

# അക്കാദമിക മേഖല : ഗണിതം

## ലക്ഷ്യങ്ങൾ

ഗണിത കേളികൾ, പ്രശ്നാപഗ്രഥനം, പ്രായോഗിക പ്രശ്ന പരിഹരണം, ഗണിത ശില്പശാലകൾ എന്നിവയിലൂടെ ഗണിത പഠനം ആസ്വാദ്യകരമാക്കുക.

### പ്രവർത്തനങ്ങൾ

ഓരോ ക്ലാസ് നിലവാരത്തിലുമുള്ള സംഖ്യാബോധം, സംഖ്യാ വ്യാഖ്യാനം എന്നിവ ഉറപ്പിക്കുക.

- സംഖ്യാ പാറ്റേണുകൾ
- ആരോഹണക്രമം
- അവരോഹണ ക്രമം
- അബാക്കസ്
- സ്ഥാന വില പോക്കറ്റ്
- സംഖ്യാ സൂര്യൻ
- സംഖ്യാ റിബൺ

കുട്ടികളിൽ ജിജ്ഞാസ, യുക്തിചിന്ത വളർത്താൻ പ്രായോഗിക പ്രവർത്തനങ്ങൾ നൽകുന്നു.

- ഗണിത മൂല ഒരുക്കുന്നു
- ഗണിത ലാബ് തയ്യാറാക്കുന്നു
- ഗണിത ക്വിസുകൾ നടത്തുന്നു
- കുസൃതി കണക്ക്, മനക്കണക്ക്
- ഗണിതക്കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ചുള്ള കളികൾ
- മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് കൂട്ടങ്ങളാക്കൽ,
- കെട്ടുകളാക്കൽ,
- തരംതിരിക്കൽ
- എടുത്തു മാറ്റാം
- പാമ്പും കോണിയും
- ഡൊമിനോ കളി
- അരവിന്ദ് ഗുപ്ത സംഖ്യാകാർഡ്
- ഗണിത വിജയം, ഉല്ലാസ ഗണിതം എന്നിവയിലൂടെ ഗുണനവസ്തുക്കൾ ശാസ്ത്രീയമായി ഉറപ്പിക്കൽ
- ടാൻഗ്രാം രൂപങ്ങൾ
- ടാൻഗ്രാമുകൾ പരിചയപ്പെടുന്നു
- വിവധ രൂപങ്ങൾ ഉണ്ടാക്കുന്നു
- മെട്രിക് മേള (ഫെബ്രുവരി)

- സമയം, നീളം, തൂക്കം, ഉള്ളളവ് ഇവയിൽ അറിവ് വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.
- ക്ലോക്ക്, തൂക്കക്കട്ടികൾ, സ്കെയിലുകൾ, അളവുപാത്രങ്ങൾ ഇവയുടെ നിർമ്മാണവും ഉപയോഗവും.
- ഗണിത പ്രദർശനം
- കുട്ടികൾ പാഠാനുബന്ധമായും അല്ലാതെയും നിർമ്മിച്ച ഉത്പന്നങ്ങളുടെ പ്രദർശനം.

## ഗണിത ലാബ് ഒരുക്കൽ (ജൂലൈ)

ഗണിത പുസ്തകങ്ങൾ, ഗാനങ്ങൾ, ഗണിത കേളികൾ, പസ്സിലുകൾ, കടങ്കഥകൾ, കമ്പുകെട്ടുകൾ, മഞ്ചാടി, സ്ട്രോ, കളി നോട്ടുകൾ, സ്ഥാനവില പോക്കറ്റ്, പസിലുകൾ, മീറ്റർ സ്കെയിൽ, ഡയസ്, ടേപ്പ്, അളവു പാത്രങ്ങൾ, അബാക്കസ്, ചെസ് ബോർഡ്, പാമ്പും കോണിയും, ഗണിത ചാർട്ടുകൾ, ഉത്പന്നങ്ങൾ, ഗണിത ശാസ്ത്രജ്ഞരുടെ ചിത്രങ്ങൾ ഇവ ഉൾപ്പെടുത്തി ലാബ് തയ്യാറാക്കുന്നു.

## ഗണിത പഠനം ഐ.സി.ടി യിലൂടെ

കളിപ്പെട്ടി, G-COMPRIS, വീഡിയോസ് എന്നിവയിലൂടെ ഗണിത പഠനം ആസ്വാദ്യകരമാക്കുന്നു.

# അക്കാദമിക മേഖല : പരിസരപഠനം

നമ്മുക്ക ചുറ്റുമുള്ള പ്രകൃതിയേയും, പ്രകൃതിവിഭവങ്ങളേയും അടുത്തറിയാനും പ്രകൃതിയെ സ്നേഹിച്ച് സംരക്ഷിക്കാനുമുള്ള മനോഭാവം

പ്രാരംഭദശയിലെ തന്നെ വളർന്നുവരണം. പ്രകൃതിയുടെ അത്ഭുതകരമായ പ്രതിഭാസങ്ങളും, ശാസ്ത്രീയ കാഴ്ചപ്പാടും നേട്ടങ്ങളും തിരിച്ചറിയാനും നാടിന്റെ നന്മയ്ക്കുവേണ്ടി ജീവിതം സമർപ്പിച്ചവരെ ആദരവോടെ സ്മരിക്കാനും, പരിസ്ഥിതി സംരക്ഷണയജ്ഞങ്ങളിൽ ബോധപൂർവ്വം പങ്കെടുക്കാനുള്ള ഉത്തരവാദിത്വ ബോധത്തിലേക്ക് നയിക്കാനും ഊന്നൽനൽകുന്നു.

## ലക്ഷ്യങ്ങൾ

പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

പരസ്പരാശ്രയത്വം എന്ന മഹത്തായ കാര്യം തിരിച്ചറിയുന്നതിന്

ശാസ്ത്ര ബോധം വളർത്താൻ ഉതകുന്ന തരത്തിൽ ശാസ്ത്ര പരീക്ഷണങ്ങൾ, നിരീക്ഷണം, ശാസ്ത്ര പ്രൊജക്ടുകൾ എന്നിവയിൽ ഏർപ്പെടുക.

ചുറ്റുപാടുകളെ നിരീക്ഷിച്ച് വിവരശേഖരണം നടത്തി അപഗ്രഥിച്ച് നിഗമനത്തിലെത്തുന്നു.

ആരോഗ്യം, ശുചിത്വം എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ തിരിച്ചറിയുന്നു.

## പ്രവർത്തനങ്ങൾ

ചുറ്റുപാടുമുള്ള ജീവികളെ നിരീക്ഷിച്ച് അവയുടെ പ്രത്യേകതകൾ കണ്ടെത്തി തരം തിരിക്കുന്നു.

സ്കൂൾ മുറ്റത്തെ മരങ്ങളിലും, ചെടികളിലും അവയുടെ പേരെഴുതിയ ബോർഡ് സ്ഥാപിക്കുന്നു.

സ്കൂൾ, മുറ്റം, ഭക്ഷണശാല, മൂത്രപ്പുര, ക്ലാസ് മുറി എന്നിവിടങ്ങളിൽ ആവശ്യമായ നിർദ്ദേശം എഴുതി സ്ഥാപിക്കൽ.

പേരറിയാം

പ്രകൃതിനടത്തത്തിലൂടെ പൂക്കൾ, മരങ്ങൾ, ഔഷധച്ചെടികൾ എന്നിവ തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തൽ

ജലം അമൂല്യം

മഴക്കുഴി നിർമ്മാണം

അറിയിപ്പ് ബോർഡുകൾ

പോസ്റ്റർ നിർമ്മാണം

പരസ്പരാശ്രയത്വം

ജീവികളുടെ പരസ്പരാശ്രയത്വം മനസ്സിലാക്കുന്നു

ഭക്ഷ്യ ശൃംഖലയിലെ ഘടകങ്ങളെ തിരിച്ചറിയുന്നു. ഐ.സി.ടി, പ്രകൃതി നടത്തം

ഹോംലാബ് തയ്യാറാക്കൽ

ശാസ്ത്രപഠനത്തിൽ ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു

ശാസ്ത്രക്വിസ്സ്

**ശാസ്ത്രമാഗസിനുകൾ**

ചാന്ദ്രദിനം, ശാസ്ത്രദിനം, പരിസ്ഥിതി ദിനം പോലുള്ള ദിനാഘോഷങ്ങളിലൂടെ കുട്ടികളുടെ ശാസ്ത്രാഭിരുചി വളർത്തുന്നു.

**പച്ചക്കറി, ഔഷധച്ചെടിത്തോട്ടം നിർമ്മാണം**

കർഷകരുമായി അഭിമുഖം

പി.ടി.എ യുടെ സഹകരണത്തോടെ തോട്ടനിർമ്മാണം

**പക്ഷിക്കൊരു കുടിനീർ**

വേനൽക്കാലത്ത് സ്കൂളിലും വീടുകളിലും പക്ഷികൾക്ക് വെള്ളം നൽകുന്നു.

**സാമൂഹ്യ ശാസ്ത്രക്ലബ് പ്രവർത്തനങ്ങൾ**

സ്വാതന്ത്ര്യദിനം, ഗാന്ധിജയന്തി, കേരളപ്പിറവി തുടങ്ങിയ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സാമൂഹിക ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തുന്നു. ഭൂപടങ്ങൾ, ഗ്ലോബ്, മഹാൻമാരുടെ ചിത്രങ്ങൾ തുടങ്ങിയവ സജ്ജീകരിക്കുന്നു.

**ശേഖരണം, പ്രദർശനം**

പഠനപ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികൾ തയ്യാറാക്കിയ ഉത്പന്നങ്ങൾ മോഡലുകൾ, പരീക്ഷണക്കുറിപ്പുകൾ, ശാസ്ത്ര സൃഷ്ടികൾ, പോസ്റ്റർ, പ്ലക്കാർഡ് എന്നിവ ഉൾപ്പെടുത്തി ശാസ്ത്ര പ്രദർശനം നടത്തുന്നു. ശാസ്ത്ര പരീക്ഷണ ശില്പശാല സംഘടിപ്പിക്കുന്നു.

# Accadamic sector - English

**Aim . : To speak, Read, & write English without any mistakes**

**Time - June to march**

PRETEST

To check the vocabulary and writing skills of pupils.

**June and July**

-To develop listening skills & reading skills

**Listening skills**

1 - Games, Action songs Hello English activities

,2 - conversations, skit stories

Use ICT

## Speaking skills

1 - Identify the naming words from the picture.

2 - Identify the action words from the same pictures

3 - Make simple sentences using the action word and naming words about the picture

3 - Make simple description about the picture.

4 - Growing sentences , picture reading, self introduction Assembly are also conducted

## ACTIVITIES

speech , book review, quiz riddles,self introduction. School radio etc

## August and September

Develop the creative speaking and writing

## Reading skills

1 - News paper reading, library books reading, book review, reading breaking news,

2 - find words.

3 - collect and read past tense,

4 - rhyming words,

5 - describing words etc

6 - Textbook activities

## Writing skills

1 - Make word web,

2 - picture description with describing words,

3 - word chain sentence chain,

4 - make words,& sentences

5 - make riddles, conversations,

4 - Add more lines ,

## ACTIVITIES

Speech, book review, quiz riddles,self introduction. School radio ,makes description magazines etc

## October and November

To express thoughts feelings etc

## Reading skill

1 - News paper reading, library books reading, book review, reading

2 - conversations, skit stories use ICT materials

3 - Reads breaking news,

4 - develop story,

5 - Read notice

## Writing skills

1 - description ,

2 - notice proclamation,

3 - Thought

## ACTIVITIES

Speech quiz riddles,. School radio ,makes magazines, skits etc

## December and January

1 - Develop the creative speaking and writing

2 - To express thoughts feelings etc

## Reading skill

1 - News paper reading, library books reading, book review, reading

2 - conversations, skit stories use ICT materials

3 - Reads breaking news,

4 - develop story,

5 - Reads diary

6 - Reads letters from friends

## Writing skills

1 - diary

2 - letter

3 - Announcement,

## ACTIVITIES

Speech, quiz riddles,. School radio, makes, magazines, skits , class room post office etc

## February and march

To improve the presentation power

## Reading skill

1 - News paper reading, library books reading, book review, reading

2 - conversations, skit stories use ICT materials

3 - Reads breaking news,

4 - develop story,

5 - Reads diary

6 - Reads letters from friends

## Writing skills

1 - diary

2 - letter

3 - Announcement

4 - description ,

5 - notice proclamation,

6 - Thought

## ACTIVITIES

speech quiz riddles, School radio ,makes magazines, skits ,class room post office ,Exibitionetc

A learner who is on his way to the infinity of knowledge has to acquire a variety of language skills. Recognizing the influence of English as a global language, the school has been prepared to improve the study of English with greater emphasis. To correct the students' misconception that English language learning is full of difficulties, to establish the basics that will help them to manage English and to practice talking with their classmates. The project has been designed with systematic integration of activities and ICT possibilities to make learning smooth and interesting.

# അക്കാദമിക മേഖല : അറബി

അറേബ്യൻ ഭൂപ്രദേശത്ത് സംസാരിക്കുന്നതും സെമിറ്റിക് ഭാഷാ കുടുംബത്തിൽ പെടുന്നതുമായ ഒരു ഭാഷയാണ്. സെമിറ്റിക് ഭാഷകളിൽ ഏറ്റവും കൂടുതൽ ആളുകൾ സംസാരിക്കുന്ന ഭാഷ അറബിയാണ്. ജനസംഖ്യയനുസരിച്ച് ലോകത്തെ നാലാമത്തെ വിനിമയഭാഷയാണിത്. ലോകത്ത് 25 കോടി ജനങ്ങൾ അവരുടെ മാതൃഭാഷയായി അറബി ഉപയോഗിക്കുന്നു. അനേകം പേർ തങ്ങളുടെ പ്രഥമഭാഷ അല്ലെങ്കിൽ കൂടി അറബി സംസാരിക്കുന്നുണ്ട്.

സമ്പന്നമായ കലാസാഹിത്യ പാരമ്പര്യങ്ങളാലും ഈ ഭാഷ അനുഗ്രഹീതമാണ്. മുസ്തഫ ലുത്വുഫി മൻഫലൂത്തിയുടെ കഥകളും, അഹ്മദ് ശൈഖിയുടെ കവിതകളും ഖലീൽ ജിബ്രാന്റെ സാഹിത്യ രചനകളും, മുഹമ്മദ് ഹുസൈൻ ഹൈക്കലിയുടെ നോവലുകളും തൗഫീഖുൽ ഹഖീമിന്റെ നാടകങ്ങളും അറബി ഭാഷയെ വിശ്വസാഹിത്യത്തിന്റെ ചക്രവാളത്തിലേക്കുയർത്തിയ രചനകളിൽ ചിലതു മാത്രം.

നമ്മുടെ വിദ്യാലയത്തിൽ മറ്റു വിഷയങ്ങൾക്കൊപ്പം കുട്ടികൾ അറബി ഭാഷയും പഠിക്കുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെയും വിദ്യാർത്ഥി ശാക്തീകരണത്തിന്റെയും പ്രഥമപടിയായ അക്കാദമിക് മാസ്റ്റർപ്ലാൻ നിർമ്മാണത്തിൽ ഏറെ പ്രധാനപ്പെട്ട ഒരിനമാണ് ഭാഷാപഠനം.

# ക്ലാസ്സ് - 1

**<u>ലക്ഷ്യം</u>**

**അറബി ഭാഷാ പഠനത്തിൽ എല്ലാ കുട്ടികളെയും മുൻ പന്തിയിലെത്തിക്കുക.**

പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. അവർക്ക് പ്രത്യേകം വായനാ കാർഡുകൾ ഉണ്ടാക്കുന്നു. ഐടി സാധ്യതകൾ ഉപയോഗിക്കുന്നു.

## അക്ഷരങ്ങൾ ഉറപ്പിക്കൽ

പ്രൊജക്ടറിൽ അക്ഷരങ്ങൾ കാണിച്ച് ഓരോ കുട്ടിയെക്കൊണ്ടും അവ വായിപ്പിക്കുക.

റീഡിംഗ് കാർഡുകൾ വായിപ്പിക്കൽ

## എല്ലാ കുട്ടികളെയും വായനയിൽ പ്രാപ്തരാക്കാം

**കാലയളവ് - ഒരു അക്കാദമിക വർഷം**

<u>ജൂൺ ജൂലൈ മാസ പ്രവർത്തനങ്ങൾ</u>

**ഫ്ലാഷ് കാർഡ്, ബിഗ് പിക്ചർ, കളറിംഗ്, കവിത, ഐ.സി.ടി.....**

<u>ഓഗസ്റ്റ്, സെപ്റ്റംബർ</u>

ചെറിയ വാക്കുകൾ വായിപ്പിക്കൽ - അക്ഷരം ഉറപ്പിക്കുന്നു.

## ഒക്ടോബർ - മാർച്ച്

ശേഷി കൈവരിക്കാത്ത കുട്ടികളിൽ മുകളിലെ അനുബന്ധ പ്രവർത്തനങ്ങൾ നടത്തി ലക്ഷ്യത്തിൽ എത്തിക്കുന്നു.

**ലക്ഷ്യം**

അക്ഷരങ്ങളുടെ രൂപ വ്യത്യാസം

അക്ഷരങ്ങൾ ഒരു വാക്കിന്റെ ആദ്യത്തിലും നടുവിലും അവസാനത്തിലും വരുമ്പോൾ അക്ഷരത്തിനുണ്ടാവുന്ന രൂപമാറ്റം കുട്ടിക്ക് തിരിച്ചറിയുന്നതിന് പ്രാപ്തി നേടുക.

**ലക്ഷ്യം**

അറബിയിലുള്ള ചെറിയ ഉപചാരവാക്കുകൾ പ്രയോഗിച്ച് അഭിവാദ്യം ചെയ്യൽ

അറബിയിലുള്ള ഉപചാരവാക്കുകൾ, ശൈലികൾ, പാഠ പുസ്തകങ്ങളിൽ നിന്നും മറ്റ് സംഭാഷണങ്ങളിൽ നിന്നും ലളിതമായ സംഭാഷണങ്ങളുടെ മാതൃകകൾ കാണിച്ച് കൊടുക്കൽ.

ക്ലാസ്സിൽ കുട്ടികൾക്ക് പരസ്പരം അഭിവാദ്യം ചെയ്ത് സംസാരിക്കാൻ അവസരം നൽകൽ

## ക്ലാസ്സ് - 2

**ലക്ഷ്യം**

അറബി ഭാഷാ പഠനത്തിൽ എല്ലാ കുട്ടികളെയും മുൻ പന്തിയിലെത്തിക്കുക.

**പ്രീ ടെസ്റ്റ് നടത്തുന്നു**

(ഭാഷാപഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു. അവർക്ക് ആവശ്യമായ പരിഗണന നൽകുകയും ചെയ്യുന്നു)

അക്ഷരങ്ങൾ ചേർത്തെഴുതുമ്പോഴും ഒറ്റയ്ക്കുള്ളപ്പോഴുമുള്ള വ്യത്യാസം കുട്ടികൾക്ക് മനസ്സിലാക്കുന്നു.

അത്തരം വാക്കുകൾ തിരഞ്ഞെടുത്ത് കുട്ടികൾക്ക് പ്രത്യേകം പരിശീലനം നൽകുന്നു. റീഡിംഗ് കാർഡുകൾ, ഐടി സാധ്യതകൾ എന്നിവ ഉപയോഗിക്കുന്നു.

**ലക്ഷ്യം**

അറബിയിലുള്ള ചെറിയ ഉപചാരവാക്കുകൾ പ്രയോഗിച്ച് അഭിവാദ്യം ചെയ്യൽ

അറബിയിലുള്ള ഉപചാരവാക്കുകൾ, ശൈലികൾ, പാഠ പുസ്തകങ്ങളിൽ നിന്നും മറ്റ് സംഭാഷണങ്ങളിൽ നിന്നും ലളിതമായ സംഭാഷണങ്ങളുടെ മാതൃകകൾ കാണിച്ചു കൊടുക്കൽ.

ക്ലാസ്സിൽ കുട്ടികൾക്ക് പരസ്പരം അഭിവാദ്യം ചെയ്തു സംസാരിക്കാൻ അവസരം നൽകൽ

## ക്ലാസ്സ് - 3

**ലക്ഷ്യം**

അറബി ഭാഷാ പഠനത്തിൽ എല്ലാ കുട്ടികളെയും മുൻ പന്തിയിലെത്തിക്കുക.

പ്രീ ടെസ്റ്റ് നടത്തുന്നു

(ഭാഷാപഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു. അവർക്ക് ആവശ്യമായ പരിഗണന നൽകുകയും ചെയ്യുന്നു)

ജൂൺ ആദ്യ വാരം

അറബിയിലുള്ള ചെറിയ ശൈലികൾ ഉപചാര വാക്കുകൾ തുടങ്ങിയവ മനസ്സിലാക്കുക

പാഠപുസ്തകത്തിലെയും മറ്റു പുസ്തകത്തിലെയും ഉപാര വാക്കുകളും ചെറിയ ശൈലികളും കുട്ടികളെ പഠിപ്പിക്കുന്നു.

വായന മെച്ചപ്പെടുത്തുക

ചെറുകഥകൾ, കവിതകൾ, വിവരണങ്ങൾ എന്നിവ വായിക്കാനുള്ള അവസരങ്ങൾ ഉണ്ടാക്കുന്നു.

നിഘണ്ടു ഉപയോഗിക്കാൻ പഠിപ്പിക്കൽ

കുട്ടികൾക്ക് നിഘണ്ടു പരിചയപ്പെടുത്തുന്നു. അവ ഉപയോഗിക്കാൻ പരിശീലിപ്പിക്കുന്നു.

നിഘണ്ടു നിർമ്മിക്കൽ

കുട്ടികൾ പുസ്തകത്തിലെയും മറ്റും വാക്കുകൾ ഉപയോഗിച്ച് നിഘണ്ടു ഉണ്ടാക്കുന്നു.

## ക്ലാസ്സ് - 4

ലക്ഷ്യം

അറബി ഭാഷാ പഠനത്തിൽ എല്ലാ കുട്ടികളെയും മുൻ പന്തിയിലെത്തിക്കുക.

കാലയളവ്

ജൂൺ ആദ്യ വാരം

പ്രവർത്തനങ്ങൾ

പ്രീ ടെസ്റ്റ് നടത്തുന്നു

(ഭാഷാപഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു. അവർക്ക് ആവശ്യമായ പരിഗണന നൽകുകയും ചെയ്യുന്നു)

**ലക്ഷ്യം**

പദസമ്പത്ത് വർദ്ദിപ്പിക്കുക

ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകളുടെ അറബി വാക്കുകൾ കുട്ടികളെ പരിശീലിപ്പിക്കുക.

പാഠപുസ്തകത്തിലെ പദങ്ങൾക്ക് പുറമെ കുട്ടികൾക്ക് കൂടുതൽ പദങ്ങൾ ലഭിക്കാനുള്ള സാഹചര്യം ഒരുക്കുന്നു.

ജൂൺ മുതൽ മാർച്ച് വരെ (ആഴ്ചയിലൊരിക്കൽ)

**ലക്ഷ്യം**

ഭാഷാ ആഭിമുഖ്യം, വായനാ താത്പര്യം, പൊതുവിജ്ഞാനം തുടങ്ങിയവ വർദ്ധിപ്പിക്കൽ

ക്ലാസ്സ് തല വായനാ മത്സരം സംഘടിപ്പിക്കുന്നു. പൊതുവിജ്ഞാനം അറബി ഭാഷാ വിജ്ഞാനം തുടങ്ങിയവ ഉൾപ്പെടുത്തി അറബിയിലും മാതൃഭാഷയിലുമായുള്ള ലളിതമായ ചോദ്യങ്ങളുൾക്കൊള്ളുന്ന ക്വിസ് മത്സരം സംഘടിപ്പിക്കുന്നു.

എല്ലാ മാസവും

# അക്കാദമിക മേഖല

## പ്രവർത്തിപരിചയം

പഠിതാവിന്റെ സമ്പൂർണ്ണവും സമഗ്രവുമായ വികസനം ലക്ഷ്യം വെച്ചുകൊണ്ട് കുട്ടികളുടെ ശാരീരിക വൈകാരിക വൈജ്ഞാനിക മേഖലകളുടെസംയോജനവും വികസനവും സാധ്യമാകുന്നതിനും, സമൂഹത്തിന് പ്രയോജനപ്രദമായ സേവനത്തിലേക്കും ഉല്പന്ന നിർമ്മിതിയിലേയ്ക്കും വിദ്യാർത്ഥികളെ നയിക്കുന്നതിനും പ്രവൃത്തി പരിചയ വിദ്യാഭ്യാസം അനിവാര്യമാണ്.

പ്രവൃത്തിപഠനത്തിന് പരിശീലനം നൽകാൻ പ്രാവീണ്യമുള്ള പ്രഗല്ഭരായ വ്യക്തികളുടെ അഭാവവും അനുയോജ്യമായ സാഹചര്യത്തിന്റെഅപര്യാപ്തതയും വേണ്ടത്ര പ്രാധാന്യം ഈ വിഷയത്തിന് പലപ്പോഴും ലഭ്യമാകുന്നില്ല എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞതിന്റെ വെളിച്ചത്തിൽ സമൂഹത്തിലെ പ്രഗല്ഭരായ വ്യക്തികളുടെ സഹായത്തോടെയും, ICT സാധ്യതകൾപരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടും കുട്ടികളുടെ സമഗ്ര വളർച്ചയെലക്ഷ്യമാക്കി, തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രവൃത്തിപഠനം കൂടുതൽ മെച്ചപ്പെടുത്താനുതകുന്ന തരത്തിലുള്ള ക്രിയാത്മക പദ്ധതിക്ക് രൂപം നൽകിയിരിക്കുന്നു.

## ലക്ഷ്യങ്ങൾ

1. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക.
2. കുട്ടികളിൽ കൗതുകം ജനിപ്പിക്കുകയും നിർമ്മാണചാതുരി വർദ്ധിപ്പിക്കുകയും ചെയ്യുക.
3. പാഴ്വസ്തുക്കളും മറ്റും ഉപയോഗിച്ച് കരകൗശല നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് കഴിവ് നേടുക.
4. പ്ലാസ്റ്റിക് മാലിന്യങ്ങളിൽനിന്ന് ഉപയോഗപ്രദമായ വസ്തുക്കൾ നിർമ്മിക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനുമുള്ള സാധ്യതകൾ കണ്ടെത്തുക.
5. പരിസ്ഥിതി സംരക്ഷണത്തിൽ തങ്ങളുടെ പങ്ക് തിരിച്ചറിയാൻ കുട്ടികൾക്ക് അവസരം നൽകുക.
6. ആരോഗ്യകരമായ ജീവിതത്തിന് വിഷരഹിതമായ ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കുക.

## പ്രവർത്തനങ്ങൾ

**കൗതുക വസ്തുക്കളുടെ നിർമ്മാണം**

**പാഴ്വസ്തുക്കൾ കൊണ്ടുള്ള നിർമ്മാണം**

മുത്ത് ഉൽപന്നങ്ങൾ, ഒറിഗാമി രൂപങ്ങൾ, കടലാസ് പൂക്കൾ, കട നിർമ്മാണം, വിവിധ തരം തുന്നലുകൾ, ഫാബ്രിക് പെയിൻറിംഗ്, ചിരട്ട ഉൽപന്നങ്ങൾ, കളിമൺ രൂപങ്ങൾ തുടങ്ങിയവയിൽ കഴിവുള്ള കുട്ടികളെ കണ്ടെത്തി വിദഗ്ധ പരിശീലനം നൽകുന്നു. മേളകൾ സംഘടിപ്പിക്കുന്നു. സബ് ജില്ല മേളകളിൽ പങ്കെടുക്കുന്നു. പ്രവർത്തി പരിചയ ശില്പശാല സംഘടിപ്പിക്കുന്നു. പ്രദർശനം നടത്തുന്നു.

### പൂന്തോട്ടം, പച്ചക്കറിത്തോട്ട നിർമ്മാണം

പി ടി എ യു ടെ സഹകരണത്തോടെ സ്കൂളിൽ പൂന്തോട്ടവും പച്ചക്കറിത്തോട്ടവും നിർമ്മിക്കുന്നു. കുട്ടികളെ പങ്കാളികളാക്കുന്നു.

## അക്കാദമിക മേഖല : കലാപഠനം

സർഗ്ഗാത്മകത, നിരീക്ഷണപാടവം, വ്യതിരിക്തബുദ്ധി തുടങ്ങിയവ കുട്ടികളിൽ വളർത്താൻ കലാപഠനം അത്യന്താപേക്ഷിതമാണ്.പുതിയ പാഠ്യ പദ്ധതിസമീപനത്തിൽ പൊതുവിഷയങ്ങൾക്കൊപ്പം പ്രാധാന്യം നൽകിയാണ് കലാപഠനത്തേയും കണക്കാക്കുന്നത്.

സ്കൂൾ പാഠ്യപദ്ധതിയിൽ സംഗീതം,നൃത്തം,ചിത്രരചന, നാടകം എന്നീ ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും കുട്ടിയുടെ നൈസർഗീകമായ കലാവാസനകൾക്കനുസൃതമായി അവയെ അഭ്യസിപ്പിക്കുന്നതിൽ ഒട്ടേറെ പരിമിതികൾ ബാക്കിനിൽക്കുന്നു. കൂട്ടായ പരിചിന്തനത്തിന്റെ ഭാഗമായി വിദ്യാലയാന്തരീക്ഷത്തിൽ കാര്യക്ഷമമായി നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളാണ് തയ്യാറാക്കിയിരിക്കുന്നത്.

**ലക്ഷ്യങ്ങൾ**

സാംസ്കാരിക അവബോധം കുട്ടികളിൽ വളർത്തുന്നതിനായി വിവിധതരം കലകൾ പരിചയപ്പെടുത്തുക.

നാടൻ കലകളെ തിരിച്ചറിയാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.

**പ്രവർത്തനങ്ങൾ (കലകളെ നേരിട്ടറിയുന്നു)**

ഐ.സി.ടി സഹായത്തോടെ വിവിധ കലകൾ പരിചയപ്പെടാനും പ്രാദേശിക കലാകാരൻമാരുടെ സഹകരണത്തോടെ കലാവതരണം ശില്പശാല എന്നിവ നടത്തുന്നു.

**സർഗ്ഗവേള**

ആഴ്ചയിലൊരിക്കൽ കലാപഠനം, സർഗ്ഗവേള എന്നീ പിരിയഡുകൾ ഉൾപ്പെടുത്തി ക്ലാസ് തലത്തിൽ കുട്ടികൾക്ക് പരിപാടികൾ അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു. മാസത്തിൽ ഒരിക്കൽ സ്കൂൾ ഓഡിറ്റോറിയത്തിൽ പരിപാടികൾ അവതരിപ്പിക്കുന്നു.

**ചിത്രകലാശില്പശാല**

പ്രാദേശിക ചിത്രകാരൻമാരുടെ സഹായത്തോടെ ചിത്രകലാ ശില്പശാലകൾ സംഘടിപ്പിക്കുന്നു.

ദിനാചരണങ്ങളോടനുബന്ധിച്ച് ചിത്രരചന, പോസ്റ്റർ നിർമ്മാണ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

# തനതു പ്രവർത്തനം (വായനച്ചങ്ങാത്തം)

2023–24 അധ്യയന വർഷത്തിൽ ഒന്ന് മുതൽ നാല് വരെ ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും ക്ലാസ്സ് നിലവാരത്തിൽ യോജിച്ച തരത്തിൽ വായനയ്ക്ക് പ്രാപ്തരാക്കുക എന്നതാണ് വായനച്ചങ്ങാത്തം പരിപാടി കൊണ്ടുദ്ദേശിക്കുന്നത്. ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ വൈവിധ്യമാർന്ന നിരവധി പ്രവർത്തനങ്ങളിലൂടെ എല്ലാ കുട്ടികളേയും വായനയുടെ ലോകത്തേക്ക് കൈപിടിച്ചു നടത്താനാണ് ലക്ഷ്യമിടുന്നത്.

**ജൂൺ**

| | | |
|---|---|---|
| ആദ്യ രണ്ടാഴ്ച | – | നിലവിലുള്ള വായനയുടെ സ്ഥിതി വിലയിരുത്തൽ<br>ക്ലാസ്സ് ലൈബ്രറി തയ്യാറാക്കൽ |
| അടുത്ത രണ്ടാഴ്ച | – | വായനാകാർഡുകൾ നൽകി വായിപ്പിക്കുന്നു. |

(എല്ലാ ദിവസവും രണ്ടു പേർ വീതം ക്ലാസിൽ വായിക്കണം)

ആഴ്ചയിൽ രണ്ടു പിരിയഡ് വായനക്കു വേണ്ടി മാത്രം

വീട്ടുവായന - രക്ഷിതാക്കളുടെ സഹായത്തോടെ വീട്ടിൽ നിത്യം വായിക്കണം.

അമ്മ വായന - രക്ഷിതാക്കൾക്ക് പുസ്തകങ്ങൾ വിതരണം ചെയ്ത് വായനയെ പ്രോത്സാഹിപ്പിക്കണം.

ജൂലൈ

ലൈബ്രറി ബുക്കുകൾ, പാഠ പുസ്തകങ്ങൾ, മറ്റു കഥാബുക്കുകൾ, ബാല പ്രസിദ്ധീകരണങ്ങൾ വായന.

ആഗസ്റ്റ്

പത്രവായന

മൂന്ന് നാല് ക്ലാസ്സുകളിൽ കുട്ടികൾ പത്രവാർത്തകൾ എഴുതി തയ്യാറാക്കി വായിക്കണം.

ഒന്ന് രണ്ട് ക്ലാസ്സുകാർ പത്രവാർത്തയുടെ തലക്കെട്ടുകൾ വായിക്കണം.

സെപ്തംബർ

നിധി കണ്ടെത്തൽ മത്സരം

സൂചനകൾ വായിച്ച് അതിനനുസൃതമായി ഒളിഞ്ഞിരിക്കുന്ന നിധി കണ്ടെത്തുക.

**ഇ-വായന - ഐ.സി.ടി സാധ്യതകൾ ഉപയോഗിച്ചുള്ള വായന**

**ഒക്ടോബർ മുതൽ ഡിസംബർ വരെ**

**വായിച്ച പുസ്തകങ്ങളെ പരിചയപ്പെടുത്തൽ**

**വായനാക്കുറിപ്പ് തയ്യാറാക്കൽ**

**ജനുവരി**

**കഥയെഴുതാം**

**കഥയിലെ ആശയങ്ങൾ ക്രമം തെറ്റിച്ച് നൽകുന്നു. കുട്ടികൾ ഇത് വായിച്ച് ശരിയായ ക്രമത്തിൽ കഥ എഴുതുന്നു.**

**ഫെബ്രുവരി**

**ക്ലാസ് പി.ടി.എ യിൽ കുട്ടികൾക്ക് സ്വതന്ത്ര വായനയ്ക്ക് അവസരം നൽകുന്നു. മികച്ച വായനക്കാരെ കണ്ടെത്തി സ്കൂൾ അസംബ്ലിയിൽ വായിക്കുന്നതിന് അവസരം നൽകുന്നു.**